**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3201** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഗൂഗിളുമായി സഹകരിച്ചുള്ള ഓൺലൈൻ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. എം.വിജിൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസത്തിന് ഏകീകൃതരൂപം നൽകുന്നതിനും കൂടുതൽ ഫലപ്രദമാക്കുന്നതിനും ഗൂഗിളുമായി സഹകരിച്ച് ഒരു പുതിയ പ്ലാറ്റ്ഫോം സർക്കാർ സജ്ജീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേരളത്തിലെ മുഴുവൻ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലേയും അധ്യാപകർക്കും കുട്ടികൾക്കും സുരക്ഷിതമായ രീതിയിൽ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിന് ജി-സ്യൂട്ട് പ്ലാറ്റ്ഫോമിൽ പ്രത്യേക ലോഗിൻ സൗകര്യം ഒരുക്കിക്കൊണ്ട് ഘട്ടംഘട്ടമായി ഓൺലൈൻ ക്ലാസുകൾ നടപ്പിലാക്കുന്നതിനാണ് കൈറ്റ് ജി-സ്യൂട്ട് സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്ലാറ്റ്ഫോമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | ഡിജിറ്റൽ പഠനത്തോടൊപ്പം സുരക്ഷിതമായ രീതിയിൽ ഓൺലൈൻ പഠനവും സൗജന്യമായി ഉറപ്പുവരുത്തുക, കുട്ടികളുടെ സെൻസിറ്റീവായ വ്യക്തിഗത വിവരങ്ങൾ നൽകാതിരിക്കുക, അപ്ലോഡ് ചെയ്യുന്ന ഡാറ്റയിൽ സർക്കാരിന് മാസ്റ്റർ കൺട്രോൾ ഉണ്ടായിരിക്കുക, പരസ്യങ്ങൾ ഒഴിവാക്കുക, സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസത്തിന് ഏകീകൃതരൂപം നൽകുക തുടങ്ങിയവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) | പ്രസ്തുത പ്ലാറ്റ്ഫോം എന്നത്തേക്ക് പൂർണ്ണതോതിൽ സജ്ജമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ജി-സ്യൂട്ട് പ്ലാറ്റ്ഫോം പൂർണമായതോതിൽ കൈറ്റ് സജ്ജമാക്കിയിട്ടുണ്ട്. ട്രയൽ, പൈലറ്റ് പ്രവർത്തനങ്ങൾക്കുശേഷം പത്താം ക്ലാസിലെ എല്ലാ കുട്ടികൾക്കും ജി-സ്യൂട്ട് ഉപയോഗിച്ച് ഓൺലൈൻ ക്ലാസ് നടത്തുന്നതിനുള്ള ക്രമീകരണം പൂർത്തിയാക്കിയിട്ടുണ്ട്. ഘട്ടംഘട്ടമായി മറ്റ് ക്ലാസുകളിലേയ്ക്കും പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ